# കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സരപദ്ധതി– 2002–2003 വാർഷിക പദ്ധതി ഭേദഗതി–
" ആശ്രയ" പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

ജി. ഒ. (എം.എസ്) നമ്പർ. 45/2003/പ്ലാനിംഗ് തിരുവനന്തപുരം, 2003, മാർച്ച്, 28

---

പരാമർശം: 1. 06–06–2002ലെ ജി.ഒ.(എം.എസ്)20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 24–03–2003ലെ ജി.ഒ.(എം.എസ്)42/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ള 2002–2003 വാർഷിക പദ്ധതി പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള അനുവാദം പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് മുഖേന നൽകിയിട്ടുണ്ട്.

2. എന്നാൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള "ആശ്രയ" പ്രോജക്ട് കൂടി ഉൾപ്പെടുത്തി 2002–2003 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

3 കോർഡിനേഷൻ സമിതിയുടെ ശുപാർശ ഗവൺമെന്റ് വിശദമായി പരിശോധിച്ച് ചുവടെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഗ്രാമ പ്രദേശങ്ങളിലെ നിരാശ്രയരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള "ആശ്രയ" പ്രോജക്ടുകൾ ത്രിതല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. "ആശ്രയ" പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2002–2003 ലെ അംഗീകാരം ലഭിച്ച പ്രോജ്ക്ടുകളിൽ മാറ്റം വരുത്താവുന്നതാണ്.

5. പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. ഡയറക്ടർ, അർബൻ അഫയേഴ്സ്
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം

5. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (Rural)
6. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (Urban)
7. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (അടിയന്തിര പത്രക്കുറിപ്പിന്)
11. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
13. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ മേയർമാർക്കും സെക്രട്ടറിമാർക്കും
17. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, (ഉപരിപത്രം സഹിതം)
20. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, (ഉപരിപത്രം സഹിതം)
21. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
22. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പകർപ്പ്:

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
6. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശസ്വയംഭരണ വകുപ്പ്
9. ഗ്രാമ വികസന വകുപ്പ്
10. ആസൂത്രണ വകുപ്പ്